## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2370      23.01.2014-ൽ മറുപടിക്ക്

**വാളയാർ ചെക്ക് പോസ്റ്റ് നവീകരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.. കെ.വി.വിജയദാസ്, എം.എൽ.എ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാളയാർ ചെക്ക്പോസ്റ്റിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കുമൂലം ഇടപാടുകളിൽ വലിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നുള്ള വിവരം വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | വാളയാർ ചെക്ക്പോസ്റ്റിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കുമൂലം ഇടപാടുകളിൽ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ, വേഗത്തിൽ ചരക്കുവാഹനങ്ങൾ പരിശോധിച്ചു കടത്തിവിടുന്നതിന് വേണ്ടി കൗണ്ടറുകളുടെ എണ്ണം 7-ൽ നിന്നും 15 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗതാഗതക്കുരുക്കിന് കാരണമായിരുന്ന അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിന് കർശനമായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഇ-ഡിക്ലറേഷൻ സെന്ററുകളിൽ നിന്നും പ്രിന്റൗട്ട് എടുത്ത് സമർപ്പിക്കണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. തൻമൂലം നിലവിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നില്ല. ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിലൊന്നായ വാളയാർ ചെക്ക്പോസ്റ്റിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ, പരിശോധനക്രമീകരണങ്ങളുടെ ഭാഗമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വാഹനങ്ങൾ RFID സംവിധാനത്തിലൂടെ അതിവേഗം പരിശോധിച്ച് കടത്തിവിടുന്നതിനുള്ള നടപടികളും പുരോഗതിയിലാണ്. ചെക്ക് പോസ്റ്റിൽ നിലവിൽ വേബ്രിഡ്ജ് സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനെല്ലാം പുറമെ, വാളയാറിൽ |
| (ബി) | ശാസ്ത്രീയമായ സംവിധാനങ്ങളും സാങ്കേതിക ക്രമീകരണങ്ങളും ഏർപ്പെടുത്തി വാളയാർ ചെക്ക് പോസ്റ്റ് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വാണിജ്യനികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ് എന്നീ ചെക്ക്പോസ്റ്റുകൾ സംയോജിപ്പിച്ച് ഒരു സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ